## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 783

30/6/2011-ൽ മറുപടിയ്ക്ക്

### മലബാറിലെ വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.റ്റി.എ.റഹീം** | **ശ്രീ. പി.കെ.അബ്ദുറബ്ബ്** (വിദ്യാഭ്യാസമന്ത്രി) |
| എ) മലബാർ മേഖലയിൽ സർക്കാർ / എയ്ഡഡ് മേഖലകളിലായി എത്ര കോളേജുകളാണുള്ളത് ; | എ) സർക്കാർ എയ്ഡഡ് മേഖലകളിലായി 105 കോളേജുകളാണുള്ളത്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഈ മേഖലയിൽ സർക്കാർ / എയ്ഡഡ് മേഖലകളിലായി എത്ര പ്ലസ് വൺ സീറ്റുകളാണുള്ളത് ; | ബി) 1,22,380 പ്ലസ് വൺ സീറ്റുകളുണ്ട്. |
| സി) മലബാറിലെ വിദ്യാഭ്യാസ മേഖലയിലെ കുറവു നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | സി) മലബാറിലെ വിദ്യാഭ്യാസ മേഖലയിലെ കുറവു നികത്തുന്നതിന് പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകളും, മെഡിക്കൽ / എൻജിനീയറിംഗ് കോളേജുകളും, പുതിയ കോഴ്സുകളും, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.<br>സംസ്ഥാനത്ത് 4 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ 2011-12 വർഷത്തിൽ 5 എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദ കോഴ്സുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.<br>പ്ലസ് വൺ സീറ്റ് കുറവും അപേക്ഷകർ കൂടുതലുമുള്ള മേഖലകളിൽ അധിക ബാച്ചുകൾ അനുവദിക്കുവാനും നിലവിലുള്ള ബാച്ചുകൾക്ക് 20% സീറ്റുകൾ മാർജിനൽ വർദ്ധനവായി അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ. നം. | സർക്കാർ മേഖല | എയ്ഡഡ് മേഖല |
|---|---|---|
| 1. | ആർട്ട്സ് ആന്റ് സയൻസ് കോളേജ് - 23 | ആർട്ട്സ് ആന്റ് സയൻസ് കോളേജ് - 57 |
| 2. | ട്രെയിനിംഗ് കോളേജ് - 3 | ട്രെയിനിംഗ് കോളേജ് - 4 |
| 3. | ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ്-1 | അറബിക് കോളേജ് -11 |
| 4. | സംഗീത കോളേജ് - 1 | എഞ്ചിനീയറിംഗ് കോളേജ് - 1 |
| 5. | എഞ്ചിനീയറിംഗ് കോളേജ് - 4 | |